LITTLE KITES ST JOSEPHS HSS ANCHUTHENGU UNIT

# പൂമരം



# മുഖമൊഴി

ആഴിയും അഴിമുഖവും അന്യോന്യം കൈമാറിയ കഥകൾ...
അതിൽ അതീശ ശക്തികളുടെ പ്രാഭവും അസ്തമയവുമുണ്ട് .
അധ്വാനവർഗ്ഗത്തിന്റെ സ്വേതഗന്ധമുണ്ട്
വൈദേശിക ശക്തികളുടെ അധിവാസവും
അധികാരനയതന്ത്രങ്ങളും
രാജവാഴ്ചയുടെ പ്രൗഢസമരണകളും ഇവിടെ അവശേഷിപ്പുകൾ മാത്രമായി ...
ചരിത്രം മയങ്ങുന്ന അഞ്ചുതെങ്ങിൻറെ കഥകൾക്ക്
ലിറ്റിൽ കൈറ്റ്സ്സിൻറെ " പൂമരം " !!!

വിജ്ഞാനത്തിന്റെ വിളക്കുമാടമായി
ദൈവാലയത്തോടു ചേർന്നുനിൽക്കുന്ന
വിദ്യാക്ഷേത്രം - സെൻറ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ

ഭാവിയുടെ നഭസ്സിൽ പ്രകാശം വിതറേണ്ട ബാലസൂര്യന്മാരുണ്ട്
പിഞ്ചുഭാവനകളിൽ വിരിഞ്ഞ
വരികളും വർണ്ണങ്ങളുമായി
ഈ സ്പന്ദനങ്ങൾ പൂമരമായി
നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു .....

# ഏടുകൾ


| | |
|---|---|
| ഓർമ്മയിലെൻ വിദ്യാലയം | 1 |
| മഹത് വചനങ്ങൾ | 2 |
| അമ്മ | 3 |
| കടങ്കഥകൾ | 3 |
| പൂമ്പാറ്റ | 4 |
| തത്തമ്മ | 4 |
| ജൂബിലി വർഷം | 5 |
| FANCY MATHEMATICS | 5 |
| സ്നേഹത്തിന്റെ പിടിവള്ളി | 6 |
| നമ്മുടെ പാത | 6 |
| പൂമരം | 7 |
| മുത്തശ്ശി | 8 |
| സൗഹൃദം | 8 |
| IMPORTANCE OF DISCIPLINE | 9 |
| FAMOUS QUOTES | 9 |

# ഓർമ്മയിലെൻ വിദ്യാലയം



ഓർക്കുന്നു ഞാനിപ്പോഴും
എന്നാത്മാവാം വിദ്യാലയത്തെ
ഓർക്കുന്നു ഞാനിപ്പോഴുമെൻ
വന്ദ്യരാം ഗുരുക്കന്മാരെ

അന്ന് ഞാൻ വിദ്യ അർത്ഥിപ്പതെങ്കിൽ
ഇന്ന് ഞാൻ വിദ്യ പകർന്നീടുന്നു
എന്നിട്ടുമെന്തേ എന്നന്തരാത്മാവ്
വിങ്ങുന്നു വിതുമ്പുന്നു
നിന്നെയോർത്ത്

കാലങ്ങൾക്കിപ്പുറമെന്തേ നിൻ മക്കൾ
കൂവിയർക്കുന്നു കുപിതരാകുന്നു
അറിയുന്നിലീ പൈതങ്ങൾ നിൻ
പ്രാണനിൽ പടുത്തുയർത്തും ജീവിതം

അറിയുമ്പോഴേക്കും നീ
അവർക്കന്യയായ് തീർന്നീടും
എങ്കിലുമമ്മേ എണ്ണമില്ല പൈതങ്ങൾ
നിൻ മടിത്തട്ടിൽ കളിച്ചു
വളർന്നീടുമിപ്പോഴും

ഓർക്കുന്നു ഞാനാ സുവർണകാലം
നിൻ കീർത്തിക്കാധാരമാം
കേസരികളെയും
ഒരു മലയിലെ മുത്തെന്നപോൽ
വിരാജിച്ചിരുന്നു ഞങ്ങളൊക്കെയും

പെട്ടെന്നെതിയൊരു ചുഴലികാറ്റിനാൽ
ചിതറിയോടി നാലുപാടും
നിന്നെ വിട്ടകന്നനേരം
വിണ്ടുകീറിയെൻമാനസം
വിധിതൻ പ്രഹരങ്ങൾ തേടിയെത്തി
പിന്നെയും

ഒടുവിൽ ഞാൻ
നിന്നടുത്തെത്തിയപ്പോൾ
അറിയുന്നിതാ ചങ്കിൽ വേദന
എങ്കിലുമമ്മേ നമുക്കാശിക്കാം
ആ നല്ല നാളെക്കായി കാത്തിരിക്കാം

ഹെഡ്മിസ്റ്റസ്

# മഹത് വചനങ്ങൾ

"വിദ്യാഭ്യാസം ഒരു നാണയ മാണ് . അതിന്റെ ഒരുവശം പ്രവൃത്തിയും മറുവശം ജ്ഞാനത്തെയും കാണിക്കുന്നു "
**ടാഗോർ**

"ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നവനല്ല, വിഷമമുള്ള ചോദ്യങ്ങൾ ചോദിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നവനാണ് ഉത്തമ അധ്യാപകൻ"
**ആലിസ് വില്ലിങ്ടൺ**

"അസാധ്യമെന്നതു മടിയന്മാരുടെ മാത്രം നിഘണ്ടുവിൽ കാണുന്ന പദമാണ്
**"നെപ്പോളിയൻ"**

"ക്ഷമയാണ് ഏറ്റവും വലിയ പ്രാർത്ഥന "
**ശ്രീ ബുദ്ധൻ**

"ദരിദ്രർക്ക് വേണ്ടത് അനുകമ്പയും ദയയുമല്ല, സ്നേഹവും ആശ്വാസവുമാണ് "-
**മദർ തെരേസ**

"നിങ്ങൾക്ക് വിജയം വേണമെങ്കിൽ സ്ഥിരപരിശ്രമത്തെ ആത്മമിത്രമായും അനുഭവത്തെ ഉപദേശിയായും മുന്കരുതലിനെ ജേഷ്ഠനായും മഹത്വത്തെ രക്ഷിതാവായും ഗണിക്കണം "
**എഡിസൺ**

ശാലിനി 6B

# അമ്മ

തലമുടികോതി  മിനുക്കുമമ്മ
താരാട്ടുപാടിയുറക്കുമമ്മ
നല്ലതുചൊല്ലി വളർത്തുമമ്മ
എന്നെ നേർവഴികാട്ടി നടത്തുമമ്മ



ആപത്തു നേരത്തു കാക്കുമമ്മ എന്റെ
സങ്കടമൊക്കെയും മറ്റുമമ്മ
അമ്മതൻ പുന്നാരമക്കളല്ലോ നമ്മൾ
അമ്മതൻ ചെല്ലകിളികളല്ലോ

അമ്മ നയിക്കും നേർവഴി പിൻചെന്നാൽ
നന്മയിലെത്തിച്ചേർന്നിടും
നന്മയാണല്ലോ  അമ്മ
അമ്മയാണല്ലോ നന്മ

ഗ്രേസ് 4A

# കടങ്കഥകൾ


| | |
|---|---|
| ഞെട്ടില്ല വട്ടയില | പപ്പടം |
| അടിപാറ , നടുവടി , മീതെ കുട | ചേന |
| സദ്യക്കു മുമ്പൻ ഇലയ്ക്ക് പിൻപൻ | കറിവേപ്പില |
| വേലിപൊത്തിൽ  വൈരക്കല്ല് | മിന്നാമിനുങ്ങ് |
| ഒരു കുപ്പിയിൽ രണ്ടെണ്ണ | മുട്ട |
| ഇത്തിരിമുറ്റ ത്തു  അഞ്ചു കാവൽക്കാർ | കൈവിരൽ |
| ഇട്ടാൽ പൊട്ടാത്ത ഇംഗ്ലീഷ് മുട്ട | കടുക് |
| പാൽക്കിണ്ണത്തിൽ  പളുങ്കു മണി | കണ്ണ് |
| വടിയെടുത്താൽ പായും കാള | വഞ്ചി |

നീതുമോൾ 4A

# പൂമ്പാറ്റ

പാറിപറക്കും പൂമ്പാറ്റേ
വര്ണചിറകുള്ള പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
എവിടേക്കാണ് പോവുക നീ

എന്നോടൊപ്പം കൂടാമോ
കൂട്ടുചേർന്നു കളിക്കാമോ
നിന്നുടെ പുള്ളിച്ചിറകിൽ
ഞാനൊന്നു തൊട്ടു കളിച്ചോട്ടെ



അമൃത സി 4A

# തത്തമ്മ

തത്തേ തത്തേ തത്തമ്മേ
പച്ചനിറം നിനക്കെവിടെന്ന് ?
പറയാം പറയാം കുട്ടികളെ
ദൈവം തന്നതാ പച്ചനിറം

തത്തേ തത്തേ തത്തമ്മേ
ചുവന്ന ചുണ്ട് നിനക്കെവിടെന്ന് ?
പറയാം പറയാം കുട്ടികളെ
ദൈവം തന്നതാ ചുവന്ന ചുണ്ട്

തത്തേ തത്തേ തത്തമ്മേ
കൊതിയൂറും അഴക് എവിടുന്ന് ?
പറയാം പറയാം കുട്ടികളെ
ദൈവം തന്നതാ ഈ അഴക്



സിജോ ജെ 4B

# ജൂബിലി വർഷം

| | | |
|---|---|---|
| ഒന്നാം വർഷം | - | പേപ്പർ ജൂബിലി |
| രണ്ടാം വർഷം | - | കോട്ടൺ ജൂബിലി |
| മൂന്നാം വർഷം | - | ലെതർ ജൂബിലി |
| നാലാം വർഷം | - | ബുക്ക് ജൂബിലി |
| അഞ്ചാം വർഷം | - | അയൺ ജൂബിലി |
| ആറാം വർഷം | - | വുഡൻ ജൂബിലി |
| ഏഴാം വർഷം | - | ബ്രോൺസ് ജൂബിലി |
| എട്ടാം വർഷം | - | ഇലക്ട്രിക്ക് ജൂബിലി |
| ഒൻപതാം വർഷം | - | വില്ലോ ജൂബിലി |
| പത്താം വർഷം | - | ടിൻ ജൂബിലി |
| പതിനൊന്നാം വർഷം | - | സ്റ്റീൽ ജൂബിലി |
| പന്ത്രണ്ടാം വർഷം | - | സിൽക്ക് ജൂബിലി |
| പതിമൂന്നാം വർഷം | - | ലേസ് ജൂബിലി |
| പതിനാലാം വർഷം | - | ഐവറി ജൂബിലി |
| പതിനഞ്ചം വർഷം | - | ക്രിസ്റ്റൽ ജൂബിലി |
| ഇരുപതാം വർഷം | - | ചൈന ജൂബിലി |
| മുപ്പതാം വർഷം | - | പേൾ ജൂബിലി |
| നാല്പതാം വർഷം | - | റൂബി ജൂബിലി |
| അൻപതാം വർഷം | - | ഗോൾഡൻ ജൂബിലി |

ദാവീദ് 5B

## Fancy Mathematics

| | | |
|---|---|---|
| 12345679 x 9 | = | 111,111,111 |
| 12345679 x 18 | = | 222,222,222 |
| 12345679 x 27 | = | 333,333,333 |
| 12345679 x 36 | = | 444,444,444 |
| 12345679 x 45 | = | 555,555,555 |
| 12345679 x 54 | = | 666,666,666 |
| 12345679 x 63 | = | 777,777,777 |
| 12345679 x 72 | = | 888,888,888 |
| 12345679 x 81 | = | 999,999,999 |

Anaswara 9A

# നമ്മുടെ പാത

ഒരിടത്തു രണ്ടു കുട്ടികൾ ഉണ്ടായിരുന്നു .ആ കുട്ടികളുടെ പേര് അഭിയും ആമിയുമാണ് .അവർ വെവ്വേറെ വീട്ടിലാണ് ജനിച്ചത് .പക്ഷെ അഭിക്ക് കുസൃതി കൂടുതലായിരുന്നു .ആമി പ്രാർത്ഥനയിലും വിശുദ്ധിയിലുമായിരുന്നു .ഒരിക്കൽ അഭി അവന്റെ കൂട്ടുകാരന്റെ വീട്ടിൽ ഒരു കളിവഞ്ചി ഇരിക്കുന്നത് കണ്ടു. അത് അഭി മോഷ്ടിച്ച് കൊണ്ടുപോയി .ഇത് ആമി കണ്ടു . എന്നിട്ട് ആമി അഭിയോട് ചോദിച്ചു 'നീ ഇത് എടുത്തത് എവിടെ നിന്നാണ് ?' അഭി പറഞ്ഞു' ഞാൻ പതിനഞ്ചു രൂപ കൊടുത്തു വാങ്ങിയതാണ് '.അവൾ ഓരോ വാക്ക് പറയുമ്പോഴും അവളുടെ കണ്ണിൽ തെളിഞ്ഞു കാണാം , കള്ളം പറയുന്നുവെന്ന് .

രാമു അടുത്ത ദിവസം കളിവഞ്ചി മുറിയിൽ നോക്കി പക്ഷെ കളിവഞ്ചി അവന്റെ വീട്ടിൽ ഇല്ലായിരുന്നു.രാമു വിഷമിച്ചു അഭിയോടും ആമിയോടും ഇക്കാര്യം പറഞ്ഞു ."നീ ആ കളിവഞ്ചി തിരിച്ചു കൊടുക്കണം " ആമി അഭിയോട് പറഞ്ഞു . "കൊടുക്കാൻ പറ്റില്ലെന്ന് അഭിയും അഭിയും. രാമു പറഞ്ഞു നീ ഒരു മോഷ്ടാവാണെല്ലേ .തർക്കം മൂത്തു . ആമി പറഞ്ഞു" നാം ദൈവത്തിന്റെ കുഞ്ഞുമാലാഖമാരാണ് ". ദൈവത്തിന്റെ പത്തു കല്പനകളിൽ ഏഴാമത്തെ കല്പന നീ ലംഖിച്ചു .അതിനാൽ നാം പരസ്പര സ്നേഹത്തിൽ ജീവിക്കണം .ഈ വാക്കുകൾ കേട്ടപ്പോൾ അബിക്ക് കുറ്റബോധം തോന്നി .അഭി പറഞ്ഞു ഞാൻ ഇനി മോഷ്ടിക്കില്ല .പിന്നീട് അവർ നല്ല സുഹൃത്തുക്കളായി ജീവിച്ചു.

സ്റ്റെഫിൻ എസ് 7 D

# സ്നേഹത്തിന്റെ പിടിവള്ളി

ഒരു ദിവസം കുട്ടൻ കുറുക്കൻ കാട്ടിലൂടെ നടക്കുകയായിരുന്നു . പെട്ടെന്ന് എവിടെ നിന്നോ ഒരു കരച്ചിൽ. കുട്ടൻ കരച്ചിൽ കേട്ട ഭാഗത്തേക്ക് ഓടി .

അതാ ജിഗ്ഗു പൂച്ച പൂച്ച ഒരു കുഴിയിൽ വീണു കിടക്കുന്നു . കുട്ടനെ കണ്ടപ്പോൾ ജിഗ്ഗു കരച്ചിൽ നിർത്തി ."എന്ത് പറ്റി ജിഗ്ഗു " കുട്ടൻ ചോദിച്ചു .

"ചേട്ടാ ഞാൻ ഒരു കൂട്ടുകാരന്റെ വീട്ടിൽ പോകുവാൻ ഇറങ്ങിയതാണ്. ഈ വാക്കിയ കുഴി ഞാൻ കണ്ടില്ല . ഇതിൽ നിന്ന് കയറാൻ ചേട്ടൻ എന്നെ സഹായിക്കാമോ?" ജിഗ്ഗു ചോദിച്ചു . "നീ ഭയപ്പെടേണ്ട , ദാ ഞാനിപ്പോൾ വരാം '.കുട്ടൻ തിരിഞ്ഞോടി .അല്പം കഴിഞ്ഞപ്പോൾ കുട്ടൻ ഒരു കയറുമായി തിരിച്ചെത്തി . കയറിന്റെ ഒരറ്റം കുട്ടൻ കുഴിയിലേക്ക് ഇട്ടുകൊടുത്തു .ജിഗ്ഗു കയറിൽ മുറുകെ പിടിച്ചു . കുട്ടൻ സാവധാനം കയർ മുകളിലേക്ക് മുകളിലേക്ക് വലിച്ചു. മുകളിലെത്തി ജിഗ്ഗു സന്തോഷത്തോടെ കുട്ടന് നന്ദി പറഞ്ഞു വീട്ടിലേക്കു പോയി .

വിൻസി ബി 9 C

# പൂമരം

ആമരം  ഈ മരം പൂമരം
പൊട്ടിമുളക്കും പുതുമരം
ആമരം  ഈ മരം പൂമരം
തണലേകുന്നൊരു പൂമരം

ഊഞ്ഞാലാടി കളിച്ചുരസിക്കാൻ
ഗുണമേകുന്നൊരു പൂമരം
പൂമരണത്തിന്റെ ചുവട്ടിലിരുന്ന്
നമുക്ക് കളികൾ കളിച്ചു രസിക്കാം
ആമരം  ഈ മരം പൂമരം
പൊട്ടിമുളക്കും പുതുമരം



മരങ്ങളിലുണ്ട് പലതരം
കണിക്കൊന്നയെന്നൊരു പൂമരം
എനിക്കാവതില്ല  പൂക്കാതിരിക്കാൻ
എനിക്കാവതില്ല കണികൊന്നയല്ലേ
വിഷുക്കാലമല്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ല  വിഷുക്കാലമല്ലേ
എന്ന്  പറയും പൂമരം
ആമരം  ഈ മരം പൂമരം
പൊട്ടിമുളക്കും രൂപം
ഹാ ! എത്ര  സുന്ദരം

രാജി സി 9C

# മുത്തശ്ശി

എനിക്കുണ്ടൊരു മുത്തശ്ശി
പൊന്നുപോലുള്ള മുത്തശ്ശി
കഥകൾ  പറഞ്ഞു തന്നു
കവിതകൾ പാടി തന്നു
എനിക്കുണ്ടൊരു മുത്തശ്ശി
പൊന്നുപോലുള്ള  മുത്തശ്ശി

നല്ല കഥകൾ പറഞ്ഞു തന്നു
എന്നെ ഉറക്കും  മുത്തശ്ശി
നല്ല കാര്യം പറഞ്ഞു തന്നു
എന്നെ പഠിപ്പിക്കും മുത്തശ്ശി
എനിക്കുണ്ടൊരു മുത്തശ്ശി
പൊന്നുപോലുള്ള മുത്തശ്ശി



ഹെബ്സിബ ജെയിംസ്  9C

# സൗഹൃദം

സൗഹൃദങ്ങൾ റോസാച്ചെടികൾ പോലെയാണ് മുള്ളുകൾ നിറഞ്ഞ തണ്ടുകൾ പോലെ ചില അടിപിടികളും കുഞ്ഞു കുഞ്ഞു പിണക്കങ്ങളുണ്ടെങ്കിലും അത് സ്നേഹം പകർന്നു നൽകുന്ന ഒരാത്മബന്ധം തന്നെയാണ് . നല്ല സൗഹൃദങ്ങൾ സമ്പത്താണ് .ഒരു പക്ഷെ മനുഷ്യന്റെ ഏറ്റവും വലിയ ശക്തിയും ബലവും ഇത് തന്നെയാണ് .



നമുക്ക് ഒരുപാടു സുഹൃത്തുക്കൾ ഉണ്ടാകാം.അവരിൽ പലരുമായി സൗഹൃദം വേണം .എത്ര പിണങ്ങിയാലും കൈനീട്ടിവിളിക്കുമ്പോൾ ഓടിയെത്തുന്ന വിശ്വാസമാണ് ഏതൊരു സൗഹൃദത്തിന്റെയും അടിത്തറ .ഒരിക്കലും പിണങ്ങിയിട്ടില്ലാത്ത വെറുക്കാൻ കഴിയാത്ത സുഹൃത്തുക്കൾ ,ചിലർ സ്നേഹം മാത്രം തരുന്നവർ, ചിലർ വേദന മാത്രവും, എന്നിട്ടും സ്നേഹം നല്കിയവരെക്കാൾ ഒരു പക്ഷെ നാം സ്നേഹിക്കുന്നത് വേദന മാത്രം സമ്മാനിച്ചവരെയാകാം. വേദനകളിൽ ഒപ്പം പങ്കാളിയാകാനും സന്തോഷങ്ങളിൽ കൂടെ ചേരാനും കഴിയുന്നവരാണ് നമ്മുടെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ .ജീവിതം എന്ന ചില്ലക്ഷരത്തിൽ സൗഹൃദമെന്ന സ്വരാക്ഷരം കൂടിയേ തീരു .

മൃദുല മുത്തപ്പൻ 9 C

# Importance of Discipline

The word discipline comes from the word ‘disciple’, meaning; ‘a learner’. Discipline means, learning to obey certain rules. Without it there would be complete chaos and disorder everywhere in the society. Discipline is of great importance in every walk of our life. Without it we cannot prosper in this world. There cannot be any peace or happiness in the family if there is no discipline. So, we much first learn the lesson of discipline at home. If we do not obey our parents at home, our teachers at school and the referee or umpire in the playground, we can imagine what will happen. So both our parents and teachers are very anxious to make us see the need for discipline. An army cannot win the battle if the soldiers do not carry out the orders of the commander. A teacher cannot properly teach in the class if the students are not disciplined. Similarly, no play is possible if the players do not follow the rules in the playground. Discipline is also necessary in a man’s individual life. Without self discipline a man can never shine and succeed in his life. In public life, discipline is of great value. A nation cannot rise if the people don’t know the value of discipline. We all must be disciplined, so that everybody could be proud of us.

*Sabitha R 5A*

## FAMOUS QUOTES

*“When one door of happiness closes another opens; but often we look so long at the closed door that we do not see the one which has opened for us”*
Helen Keller

*“Everytime you smile at someone, it is an action of love, a gift to that person, a beautiful thing”*
Mother Teresa

*“Education is the ability to meet life’s situations”*
John G. Hibben

*“Genuis is one percent inspiration and ninety - nime percent perspiration.”*
Thomas Edison

*“He who wishes to secure the good of others has already secure his own”*
*Confucius*

*Sneha 6 B*

# കൂപ്പുകൈ

പൂമരത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന ഹെഡ്മിസ്ട്രസ് ഷേർലി പെര യിര , കൈറ്റ് മാസ്റ്റർ ശ്രീ ജോസഫ് സർ , കൈറ്റ് മിസ്ട്രസ് ശ്രീമതി റേച്ചൽ ടീച്ചർ , സഹായിച്ച മറ്റു അധ്യാപകർ എല്ലാപേരേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു .